13739
24/12/20

**കേരള സർക്കാർ**

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരം തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി " നവജീവൻ " എന്ന പേരിൽ സ്വയംതൊഴിൽ പുനരധിവാസ സഹായ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം. 59/2020/തൊഴിൽ  തിരുവനന്തപുരം, തീയതി, 28/12/2020

---

പരാമർശം :- 1. സ.ഉ. (കൈ) നമ്പർ 16/2017/തൊഴിൽ, തീയതി, 20.03.2017.

2. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 22.09.2017-ലെ യു1/1627/2017/ഡി.ഇ. നമ്പർ കത്ത്.

3. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 27.05.2020, 18.08.2020 എന്നീ തീയതികളിലെ DE/1498/2018-U1 നമ്പർ കത്തുകൾ.

## ഉത്തരവ്

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി " നവജീവൻ " എന്ന പേരിൽ ഒരു പുതിയ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. നവജീവൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (KILE) സമർപ്പിച്ച പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, എംപ്ലോയ്മെന്റ് ഡയറക്ടർ തയ്യാറാക്കിയ കരട് പദ്ധതി പരാമർശം (2) കത്ത് പ്രകാരം സർക്കാരിന് സമർപ്പിച്ചിരുന്നതിൽ, പദ്ധതിയുടെ ഒരു ഘടകമായ, മുതിർന്ന പൗരൻമാർക്കായുള്ള സ്വയംതൊഴിൽ വായ്പാ പദ്ധതി, സർക്കാർ സബ്സിഡിയോട് കൂടി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തിരം ഗുണഭോക്താക്കൾക്ക് നേരിട്ട് പലിശ രഹിത വായ്പ അനുവദിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ, സർക്കാർ സബ്സിഡി സഹിതമുള്ള സ്വയംതൊഴിൽ വായ്പാ പദ്ധതി ബാങ്ക് ലിങ്കേജോടു കൂടി നടപ്പിലാക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ,

പുതുക്കിയ കരട് പദ്ധതി, 27.05.2020-ലെ പരാമർശം (3) കത്ത് പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുകയും, ആയത് സംബന്ധിച്ച് സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി പ്രതിനിധികളുമായി ചർച്ച നടത്തുകയും യോഗതീരുമാനങ്ങൾക്ക് അനുസൃതമായി ഭേദഗതി വരുത്തിയ കരട് പദ്ധതി, 18..8.2020-ലെ പരാമർശം (3) കത്ത് പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ സർക്കാർ അംഗീകാരത്തിന് സമർപ്പിക്കുകയുമുണ്ടായി.

3. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരം തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി, ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിരിക്കുന്ന "നവജീവൻ" എന്ന സ്വയം തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജിത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം ( ഇതിന് ധനകാര്യ വകുപ്പിന്റെ അനുമതി ഉണ്ട്).
കൺവീനർ, എസ്.എൽ.ബി.സി. കേരള, എസ്.എൽ.ബി.സി. സെൽ, കാനറ ബാങ്ക് സർക്കിൾ ഓഫീസ്, കാനറ ബാങ്ക് ബിൽഡിംഗ്, എം.ജി. റോഡ്, തിരുവനന്തപുരം.
സാമൂഹ്യ ക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
വ്യവസായ പരിശീലന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
വ്യവസായ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് / ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും.
എല്ലാ നഗരസഭാ അധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
} എംപ്ലോയ്മെന്റ് ഡയറക്ടർ മുഖേന
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
പൊതുഭരണ (എസ്. സി.) വകുപ്പ് ( 24.12.2020-ലെ ഇനം നം. 4430 പ്രകാരം).
ധനകാര്യ വകുപ്പ് (25.09.2020 ലെ 1543649 LBR-2/207/2020-FIN നമ്പർ കുറിപ്പ് പ്രകാരം).
സാമൂഹ്യ നീതി വകുപ്പ്.

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

വ്യവസായ വകുപ്പ്

റവന്യൂ വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).

സംഭരണ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : -

തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.

തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ്യ്ക്ക്.

തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ്യ്ക്ക്.

## അനുബന്ധം

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്ക് ജീവനോപാധി പ്രദാനം ചെയ്ത് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ആരംഭിക്കുന്ന തൊഴിൽ പുനരധിവാസ പദ്ധതി **"നവജീവൻ"** എന്ന പേരിലായിരിക്കും അറിയപ്പെടുക. 50 വയസ്സ് കഴിഞ്ഞിട്ടും, കാര്യമായ വരുമാന മാർഗ്ഗമൊന്നുമില്ലാതെ പരാശ്രയരായവർക്ക് സ്വന്തം കാലിൽ നിൽക്കാൻ ഒരു കൈത്താങ്ങ് നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം.

### ശീർഷകം - വ്യാപ്തി - ബാധകം

(എ) ഈ പദ്ധതി കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരം തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായിട്ടുള്ള സ്വയം തൊഴിൽ പുനരധിവാസ സഹായ പദ്ധതി "നവജീവൻ" എന്ന പേരിൽ അറിയപ്പെടും.

(ബി) ഈ പദ്ധതി കേരള സംസ്ഥാനത്തിന് മുഴുവൻ ബാധകമായിരിക്കും.

(സി) സർക്കാർ ഉത്തരവ് തീയതി മുതൽ പദ്ധതി നിലവിൽ വരുന്നതാണ്.

ഈ പദ്ധതിയ്ക്ക് രണ്ട് ഘടകങ്ങൾ ഉണ്ടായിരിക്കും:

I. സ്വയം തൊഴിൽ വായ്പ സഹായ പദ്ധതി.

II. മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഒരു ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ.

### I. സ്വയം തൊഴിൽ വായ്പ സഹായ പദ്ധതി

ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് സംസ്ഥാനത്തെ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ, സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, മറ്റു പൊതു മേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന സ്വയം തൊഴിൽ വായ്പ ലഭ്യമാക്കുന്നതാണ്.

### (1) അർഹത

a) ഈ പദ്ധതിയിൽ 'മുതിർന്ന പൗരന്മാർ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരം തൊഴിൽ ലഭിക്കാത്ത 50-65 വയസ്സ് പ്രായ പരിധിയിലുള്ളവരെയാണ്.

b) കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിൽ ഉണ്ടായിരിക്കണം.

c) പ്രായപരിധി 50-നും 65-നും മദ്ധ്യേ ആയിരിക്കണം. (അപേക്ഷ സമർപ്പിക്കുന്ന വർഷത്തിലെ ജനുവരി ഒന്നാം തീയതി അടിസ്ഥാനമാക്കിയാണ് പ്രായപരിധി കണക്കാക്കുന്നത്).

d) അപേക്ഷകന്റെ വ്യക്തിഗത വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം).

e) എഴുതാനും വായിക്കുവാനും അറിഞ്ഞിരിക്കണം.

(2) <u>മാനദണ്ഡം</u>

i. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ രജിസ്ട്രേഷൻ സീനിയോറിറ്റി, വായ്പയ്ക്ക് അപേക്ഷിക്കുന്നതിനു മാനദണ്ഡമായിരിക്കും.

ii. കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് ഈ പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(3) <u>മുൻഗണന</u>

i. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലവിൽ യഥാസമയം പുതുക്കിക്കൊണ്ടിരിക്കുന്നവർക്ക് മുൻഗണന നൽകുന്നതാണ്. സർക്കാരിന്റെ സൗജന്യ പുതുക്കൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ ഉത്തരവ് തീയതിക്ക് ശേഷം രജിസ്ട്രേഷൻ സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നതുവരെ രണ്ടാമത് പരിഗണിച്ചാൽ മതിയാകും.

ii. അനുവദിക്കുന്ന വായ്പയിൽ 25% സ്ത്രീകൾക്ക് ലഭ്യമാക്കേണ്ടതാണ്. 55 വയസ്സ് കഴിഞ്ഞിട്ടുള്ള വിധവകൾ, ഭിന്നശേഷിക്കാർ എന്നിവർ അപേക്ഷകരിൽ ഉണ്ടെങ്കിൽ അവരെ ആദ്യം പരിഗണിക്കേണ്ടതാണ്.

iii. അനുവദിക്കുന്ന വായ്പയിൽ 25% ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിന് ലഭ്യമാക്കേണ്ടതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗമാണെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

(4) <u>വായ്പ/സബ്സിഡി</u>

ഈ പദ്ധതിയിൻ കീഴിൽ ഓരോരുത്തരം സമർപ്പിക്കുന്ന പ്രോജക്റ്റുകൾക്ക് 50,000/- രൂപ വരെ ബാങ്ക് വായ്പ അനുവദിക്കുന്നതാണ്. ബാങ്ക് വായ്പയുടെ 25% (പരമാവധി

₹12,500/-) രൂപ സർക്കാർ, നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖാന്തിരം സബ്സിഡിയായി അനുവദിക്കും. സബ്സിഡി തുക ധനകാര്യ സ്ഥാപനത്തിൽ ആരംഭിച്ചിട്ടുള്ള സസ്പെൻസ് അക്കൗണ്ടിൽ ആദ്യമേ വരവ് വച്ച് 0 % പലിശ നിരക്കിൽ സൂക്ഷിക്കുന്നതും, സബ്സിഡി ഒഴികെയുള്ള തുകയ്ക്ക് മാത്രം ബാങ്ക് ഗുണഭോക്താക്കളിൽ നിന്നും പലിശ ഈടാക്കുന്നതുമാണ്. സംരംഭത്തിന്റെ പ്രവർത്തനം മൂന്ന് വർഷത്തിന് ശേഷവും തൃപ്തികരമായി തുടർന്ന് പോകുന്നെങ്കിൽ മാത്രം സബ്സിഡി തുക ലോൺ അക്കൗണ്ടിലേക്ക് വരവ് വയ്ക്കുന്നതും എന്നാൽ തിരിച്ചടവിൽ വീഴ്ച വരുത്തുന്നവർ, മരണപ്പെടുന്നവർ എന്നിവരുടെ സബ്സിഡി തുക അവശേഷിക്കുന്ന വായ്പ തുകയിൽ ക്രമപ്പെടുത്തുന്നതുമാണ്. ക്രെഡിറ്റ് ഗ്യാരന്റി സ്കീമിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനാൽ ജാമ്യം നൽകേണ്ടതില്ല. വായ്പാ തിരിച്ചടവ് വായ്പ അനുവദിക്കുന്ന ധനകാര്യ സ്ഥാപനത്തിന്റെ നിബന്ധനകൾക്ക് വിധേയമായിരിക്കും. മുതിർന്ന പൗരന്മാർക്ക് വായ്പയിന്മേൽ ലഭിക്കുന്ന പലിശ ഇളവും ബാധകമായിരിക്കും.

### (5) പദ്ധതി ചെലവ്

ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ പദ്ധതിക്കായി നീക്കി വയ്ക്കുന്ന തുകയുടെ 10% തുകയിൽ നിന്ന് ഗുണഭോക്താക്കൾക്കും വകുപ്പിലെ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം, പദ്ധതിയുടെ പ്രചരണം, പദ്ധതിയുടെ മോണിറ്ററിംഗ്, പ്രിന്റിംഗ്, സ്റ്റേഷനറി അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ചെലവ്, ജില്ലാതല കമ്മിറ്റി കൂടുമ്പോഴുള്ള ചെലവ് എന്നിവയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

### (6) അപേക്ഷിക്കേണ്ട വിധം

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് അപേക്ഷ ഫാറം സൗജന്യമായി ലഭിക്കുന്നതാണ്. കൂടാതെ വകുപ്പിന്റെ വെബ് സൈറ്റിൽ (www.employmentkerala.gov.in) നിന്ന് ഫോറം ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതുമാണ്.

പദ്ധതി പ്രകാരം ആരംഭിക്കാവുന്ന സംരംഭങ്ങൾ:-

1. കാറ്ററിംഗ്.
2. പലചരക്ക് കട.
3. ടെക്സ്റ്റൈൽസ് & റെഡിമെയ്ഡ് ഷോപ്പ്.
4. കട നിർമ്മാണം.
5. സ്പെയർ പാർട്സ് ഷോപ്പ് (ഓട്ടോമൊബൈൽസ്).
6. മെഴുകുതിരി നിർമ്മാണം.
7. സോപ്പ് നിർമ്മാണം.
8. ഡി.റ്റി.പി. / ഫോട്ടോസ്റ്റാറ്റ്.

9. തയ്യൽകട.

10. ഇന്റർനെറ്റ് കഫേ.

ഇത് പൂർണ്ണമായ പട്ടികയല്ല. ഇവ കൂടാതെ ചെറുകിട വ്യവസായങ്ങൾ, ജോബ് വർക്സ്, പലതരം സേവനങ്ങൾ, ചെറുകിട ബിസിനസ്സുകൾ, കൃഷി, ഇലക്ട്രോണിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം/റിപ്പയർ തുടങ്ങിയവയും പ്രാദേശികമായി വിജയസാധ്യതയുള്ള സംരംഭങ്ങളും സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടില്ലാത്ത എല്ലാത്തരം സംരംഭങ്ങളും ഈ പദ്ധതി പ്രകാരം ആരംഭിക്കാവുന്നതാണ്.

## (7) ഓരോ യൂണിറ്റിന്റെയും ഘടന

വ്യക്തിഗത സംരംഭങ്ങൾക്കാണ് പദ്ധതി പ്രാധാന്യം നൽകുന്നത്. എന്നാൽ ഒന്നിലധികം അപേക്ഷകർ ചേർന്ന് സംയുക്ത സംരംഭവും ആരംഭിക്കാവുന്നതാണ്. ഓരോ വ്യക്തിക്കും പരമാവധി വായ്പയ്ക്കും സബ്സിഡിക്കും മുകളിൽ ഖണ്ഡിക (4) ൽ പ്രസ്താവിച്ച വ്യവസ്ഥകൾക്ക് വിധേയമായി അർഹതയുണ്ടായിരിക്കുന്നതാണ്.

## (8) സഹായം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ

സ്വയംതൊഴിൽ വായ്പയ്ക്കുള്ള അപേക്ഷ വില്ലേജ് ഓഫീസറിൽ താഴെയല്ലാത്ത ഒരു റവന്യൂ അധികാരിയുടെ വരുമാന സർട്ടിഫിക്കറ്റിനോടൊപ്പം ലഭിച്ചു കഴിഞ്ഞാൽ അവ രജിസ്ട്രേഷൻ റിക്കോർഡുകളുടെ അടിസ്ഥാനത്തിലുള്ള പ്രാഥമിക പരിശോധനയ്ക്ക് ശേഷം അർഹതയുള്ളവ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്. അപേക്ഷ തയ്യാറാക്കുന്നതിനും, പ്രോജക്ട് തയ്യാറാക്കുന്നതിനും വകുപ്പുതല ഉദ്യോഗസ്ഥർ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ഏറ്റവും കുറഞ്ഞത് 5 അപേക്ഷകൾ ലഭിച്ചു കഴിഞ്ഞാൽ ഇതിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല സമിതി കൂടി അഭിമുഖം നടത്തി അപേക്ഷകളിൽ തീർപ്പു കല്പിക്കുന്നതാണ്. അപേക്ഷകർ സമർപ്പിച്ചിട്ടുള്ള പ്രോജക്ട് നടപ്പിലാക്കാൻ അവർ അനുയോജ്യരാണോ എന്നും, അംഗങ്ങളുടെ സംരംഭകത്വ ശേഷി, പ്രോജക്ടിന്റെ വിജയ സാധ്യത, അംഗങ്ങളുടെ വായ്പാ തിരിച്ചടക്കാനുള്ള കഴിവ്, സഹായം ആവശ്യമുണ്ടോ എന്നീ കാര്യങ്ങൾ ജില്ലാതല കമ്മിറ്റി പരിശോധിക്കുന്നതും ആവശ്യമെങ്കിൽ പ്രോജക്ടിൽ മാറ്റം വരുത്തുന്നതുമാണ്. ജില്ലാതല കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്ന അപേക്ഷകൾ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിലേക്ക് അയച്ചു കൊടുക്കുകയും ധനകാര്യ സ്ഥാപനങ്ങൾ ഓരോ അപേക്ഷകളിന്മേലും അനുവദിച്ചുകൊണ്ടോ നിരസിച്ചുകൊണ്ടോ തീർപ്പു കൽപ്പിക്കുന്നതും ആയതിന്റെ പകർപ്പ് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് നൽകുന്നതുമാണ്. നിരസിച്ച അപേക്ഷകൾ കാരണം രേഖപ്പെടുത്തി ധനകാര്യ സ്ഥാപനങ്ങൾ തിരികെ നൽകുന്നതാണ്. അപേക്ഷകൾ അനുവദിക്കുയാണെങ്കിൽ ആ വിവരം റേഷൻ കാർഡിന്റെ അവസാനത്തെ പേജിൽ

രേഖപ്പെടുത്തുന്നതാണ്. മുകളിൽ പരാമർശിച്ച വ്യവസ്ഥകൾക്ക് അനുസൃതമായി ധനകാര്യ സ്ഥാപനങ്ങൾ വായ്പ വിതരണം ചെയ്യുന്നതാണ്. അനുവദിക്കുന്ന വായ്പ തുകയും അതിന്റെ പലിശ നിരക്കും സംബന്ധിച്ച വിശദവിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുന്നതാണ്.

## (9) സംസ്ഥാനതല കമ്മിറ്റി

ഈ പദ്ധതി സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും സംസ്ഥാന സർക്കാരിന് ഉപദേശം നൽകുന്നതിനായി, ഒരു സംസ്ഥാന കമ്മിറ്റി താഴെ പറയുന്നവർ അംഗങ്ങളായി ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിക്കുന്നതാണ്.

1. പ്ലാനിംഗ് ബോർഡ് മെമ്പർ – ചെയർമാൻ
2. തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി – വൈസ് ചെയർമാൻ
3. ധനകാര്യ വകുപ്പ് സെക്രട്ടറി – മെമ്പർ
4. സംസ്ഥാന ലീഡ് ബാങ്ക് ജനറൽ മാനേജർ - മെമ്പർ
5. സാമൂഹ്യ ക്ഷേമ വകുപ്പ് ഡയറക്ടർ – മെമ്പർ
6. വ്യവസായ പരിശീലന വകുപ്പ് ഡയറക്ടർ – മെമ്പർ
7. എംപ്ലോയ്മെന്റ് ഡയറക്ടർ – കൺവീനർ

## (10) ജില്ലാതല കമ്മിറ്റി

താഴെ പറയുന്നവരെ അംഗങ്ങളായി ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ തലത്തിൽ പദ്ധതിയുടെ നടത്തിപ്പിനായി മറ്റൊരു കമ്മിറ്റിയും രൂപീകരിക്കുന്നതാണ്.

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് – ചെയർമാൻ
2. ജില്ലാ ലീഡ് ബാങ്ക് മാനേജർ – മെമ്പർ
3. ജില്ലാ സാമൂഹികക്ഷേമ ഓഫീസർ – മെമ്പർ
4. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം – മെമ്പർ
5. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ – കൺവീനർ

നവജീവൻ പദ്ധതി സംബന്ധിച്ച ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ജില്ലാ കമ്മിറ്റിക്ക് പദ്ധതിയുടെ സംസ്ഥാനതല കൺവീനർ മുഖാന്തിരം സർക്കാരിലേക്ക് ശിപാർശ ചെയ്യാവുന്നതാണ്.

## (11) പരിശീലനം

സംരംഭകർക്കും, പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്ന വകുപ്പിലെ ഉദ്യോഗസ്ഥർക്കും അനുയോജ്യമായ പരിശീലന പരിപാടി എംപ്ലോയ്മെന്റ് ഡയറക്ടർ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. ഓരോ വർഷവും പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 10% തുകയിൽ നിന്നും ഈ ആവശ്യത്തിനായി തുക കണ്ടെത്താവുന്നതാണ്.

(12) <u>മോണിറ്ററിംഗ്</u>

വായ്പാ തുക തിരിച്ചടക്കുന്നതിൽ ഗുണഭോക്താക്കൾ വീഴ്ച വരുത്തുകയാണെങ്കിൽ ധനകാര്യ സ്ഥാപനങ്ങൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ വിവരം അറിയിക്കേണ്ടതാണ്. ഗുണഭോക്താവ് തുടങ്ങിയ സംരംഭത്തിന്റെ നടത്തിപ്പ് സംബന്ധിച്ച വിലയിരുത്തുന്നതിനും റിക്കവറി നടത്തേണ്ടി വരുന്നെങ്കിൽ ആ കാര്യത്തിലും എംപ്ലോയ്മെന്റ് ഓഫീസർ ധനകാര്യ സ്ഥാപങ്ങൾക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുന്നതാണ്.

(13) <u>പൊതു നിർദ്ദേശങ്ങൾ</u>

1. പദ്ധതി സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്.
2. പദ്ധതി പ്രായോഗികമാക്കുമ്പോൾ ഉണ്ടാകുന്നതും എന്നാൽ പദ്ധതിയിൽ പ്രത്യേകം പരാമർശിച്ചിട്ടില്ലാത്തതുമായ പ്രശ്നങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എംപ്ലോയ്മെന്റ് ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും, എംപ്ലോയ്മെന്റ് ഡയറക്ടർ അവ സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാനത്തിനും നിർദ്ദേശത്തിനും സമർപ്പിക്കേണ്ടതുമാണ്.
3. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പദ്ധതി വ്യവസ്ഥകളിലോ അവയുടെ വ്യാഖ്യാനം സംബന്ധിച്ചോ ആവശ്യമായ ഭേദഗതികളോ നിർദ്ദേശങ്ങളോ വിശദീകരണങ്ങളോ പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരമുണ്ടായിരിക്കും. ഇത് ചോദ്യം ചെയ്യാൻ ഗുണഭോക്താവിന് അധികാരമുണ്ടായിരിക്കില്ല. ധനകാര്യ സ്ഥാപനങ്ങൾക്ക് സർക്കാരുമായി ആലോചിച്ച് ഉചിതമായ തീരുമാനങ്ങൾ എടുക്കാവുന്നതാണ്.

**II. മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഒരു ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ**

ഈ പദ്ധതിയുടെ രണ്ടാം ഘടകമായ മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ എന്നതുമായി ബന്ധപ്പെട്ട് 17.12.2018 തീയതിയിലെ സ.ഉ.(കൈ)73/2018/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ പ്രത്യേകം നടപടി സ്വീകരിക്കുന്നതാണ്.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 24-12-2020**

ഫയൽ നം. എച്ച്1/27/2016-തൊഴിൽ. ഇനം നം: 4430

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 വയസ്സ് പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി "നവജീവൻ" എന്ന സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നതും പദ്ധതി അംഗീകരിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

24/12/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

24.12

ഇനം നം: 4430
തീയതി: 24.12.2020

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എച്ച് 1/27/2016-തൊഴിൽ |
| 2. | വകുപ്പ് | : | തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് |
| 3. | വിഷയം | : | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 വയസ്സ് പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി "നവജീവൻ" എന്ന സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നതും പദ്ധതി അംഗീകരിക്കുന്നതും - സംബന്ധിച്ച് . |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് ലഭിച്ച തീയതി | : | 19.10.2020 |
| 5. | ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ; അങ്ങനെയാണെങ്കിൽ ധന വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : :| അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ഡി. ലാൽ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. സത്യജീത് രാജൻ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.11.2020 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.11.2020 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. ടി. പി. രാമകൃഷ്ണൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05.11.2020 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22.12.2020 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 24.12.2020 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | സ.ഉ.(കൈ) നം. 59/2020/തൊഴിൽ<br>തീയതി : 28.12.2020 |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരംതൊഴിൽ ലഭിക്കാത്ത 50–65 വയസ്സ് പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം, സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി "നവജീവൻ" എന്ന പേരിൽ ഒരു പുതിയ സ്വയംതൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) 2013 ലെ സംസ്ഥാന വയോജന നയത്തിന്റെ ഭാഗമായി മുതിർന്ന പൗരൻമാർക്ക് പിന്തുണ ഉറപ്പാക്കുന്ന "നവജീവൻ" പദ്ധതി തുടങ്ങുന്നതാണെന്ന് ബഹു. ഗവർണ്ണറുടെ 2017-ലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരന്മാർക്കായി (50–65 വയസ്സ് പ്രായപരിധിക്കുള്ളിലുള്ള) " നവജീവൻ " എന്ന പേരിൽ ഒരു സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ, തത്വത്തിൽ അംഗീകാരം നല്കി 20/03/2017- ലെ സ.ഉ. (കൈ) നം: 16/2017/തൊഴിൽ പ്രകാരം ഉത്തരവാകുകയുണ്ടായി. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ '2230-02-101-87-പ്ലാൻ' എന്ന ശീർഷകത്തിൽ ഈ പദ്ധതിക്കായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ച 'നവജീവൻ' പദ്ധതിയുടെ കരട്, ചില ഭേദഗതികളോടെ ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി അംഗീകരിച്ചിരുന്നു. അത് പ്രകാരം ടി പദ്ധതിയ്ക്ക് കീഴിൽ രണ്ട് ഘടകങ്ങളാണ് വിഭാവനം ചെയ്തിരുന്നത്.

i. മുതിർന്ന പൗരൻമാർക്കായുള്ള പലിശരഹിത സ്വയം തൊഴിൽ വായ്പാ പദ്ധതി.

ii. മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഒരു ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ.

4) 'നവജീവൻ' പദ്ധതിയുടെ രണ്ടാം ഘടകമായ മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഡാറ്റാ ബാങ്ക് സൃഷ്ടിക്കുന്നതിന് ഭരണാനുമതി നൽകി 17.12.2018 തീയതിയിലെ സ.ഉ.(കൈ)നം. 73/2018/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5) 'നവജീവൻ' പദ്ധതിയുടെ ഒന്നാം ഘടകമായ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരംതൊഴിൽ ലഭിക്കാത്ത 50-65 വയസ്സ് പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്ക് ചെറിയ മുതൽമുടക്കുള്ള സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്, എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം സർക്കാർ സബ്സിഡിയോട് കൂടി പലിശ രഹിത വായ്പ അനുവദിക്കുന്നതിന് വിഭാവനം ചെയ്തിരുന്ന പദ്ധതിയുടെ കരട് അംഗീകരിക്കുന്നതിലേയ്ക്കായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി:-

*"Any employment generation scheme should adhere to basic concepts of such scheme that there should be bank linkage and subsidy should follow the same pattern as is done in the schemes of Industries Department in terms of percentage and upper ceiling. Without bank credit linkage providing self employment subsidy is likely to be misused. Therefore, the project should be recast on the same lines as those in Industries Department or Prime Minister Employment Generation Programme."*

6) പദ്ധതിയുടെ ഭാഗമായ സ്വയം തൊഴിൽ വായ്പാ പദ്ധതി, തൊഴിലും നൈപുണ്യവും വകുപ്പ് ആദ്യം വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി, ബാങ്കുമായി ലിങ്ക് ചെയ്ത് നടപ്പാക്കണം എന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതിനെ തുടർന്ന് ടി അഭിപ്രായം

മറികടന്ന് പദ്ധതി നടപ്പാക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി പുതുക്കിയ നിർദ്ദേശങ്ങൾ സഹിതം വീണ്ടും മന്ത്രിസഭാ യോഗം മുമ്പാകെ സമർപ്പിക്കേണ്ടതാണ് എന്ന 14.08.2018 ലെ ഇനം നം. 2425 പ്രകാരമുള്ള മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം എംപ്ലോയ്മെന്റ് ഡയറക്ടറുമായി ചേർന്ന് വിശദമായി പരിശോധിക്കുകയും 'നവജീവൻ സ്വയംതൊഴിൽ വായ്പ പദ്ധതി' എംപ്ലോയ്മെന്റ് വകുപ്പ് വിഭാവനം ചെയ്ത വ്യവസ്ഥയിൽ ബാങ്ക് ലിങ്കേജ് കൂടാതെ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിക്കുന്നതിനായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേയ്ക്ക് അയക്കുകയും ചെയ്തു. ആയതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"Finance agrees to the scheme provided subsidy is limited to 25% of the total investment and rest 75% is loan taken from a bank. Bank linkage shall be mandatory. Subsidy shall be paid in the beginning to the bank and shall be kept in an account in the name of the borrower and adjusted to his loan after three years if the loan is still standard and the asset/business is still operating."*

7) ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം പദ്ധതിയിൽ ഭേദഗതി വരുത്തി നവജീവൻ പദ്ധതി നടപ്പിലാക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായതിനെ തുടർന്ന് ഭേദഗതി വരുത്തിയ കരട് പദ്ധതി ലഭ്യമാക്കുവാൻ എംപ്ലോയ്മെന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം, നവജീവൻ പദ്ധതി ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന രീതിയിൽ, 75% ബാങ്ക് വായ്പയായും 25% വരെ സബ്സിഡിയായി നിജപ്പെടുത്തിയും സംരംഭം ആരംഭിച്ച് 3 വർഷത്തിന് ശേഷം സംരംഭം നടന്നു പോകുന്നുണ്ടെങ്കിൽ മാത്രം ഗുണഭോക്താവിന്റെ വായ്പയിൽ സബ്സിഡി ക്രമീകരിച്ചു നൽകുന്ന തരത്തിലും പദ്ധതി നടപ്പാക്കുന്നതിന് മുന്നോടിയായി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റി (SLBC) പ്രതിനിധികളുമായി സർക്കാർ തലത്തിൽ ചർച്ച സംഘടിപ്പിച്ച് ചർച്ചയുടെ

തീരുമാനത്തിന്റെ കൂടി അടിസ്ഥാനത്തിൽ കരട് പദ്ധതിക്ക് അന്തിമ രൂപം കൊടുക്കാവുന്നതാണെന്ന് എംപ്ലോയ്മെന്റ് ഡയറക്ടർ അറിയിച്ചു.

8) അതിന്റെ അടിസ്ഥാനത്തിൽ, തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, SLBC പ്രതിനിധികൾ, എംപ്ലോയ്മെന്റ് ഡയറക്ടർ എന്നിവരുമായി 03.07.2020 ന് യോഗം ചേരുകയും ടി യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾക്ക് അനുസൃതമായി ഭേദഗതി വരുത്തിയ നവജീവൻ പദ്ധതിയുടെ കരട് എംപ്ലോയ്മെന്റ് ഡയറക്ടർ ലഭ്യമാക്കുകയും ആയതിന്മേൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുമുണ്ടായി :-

*"നവജീവൻ പദ്ധതിയുടെ കരട് ധന വകുപ്പ് അംഗീകരിക്കുന്നു. ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

9) നവജീവൻ പദ്ധതിയുടെ കരട് ധനകാര്യ വകുപ്പ് അംഗീകരിച്ചതിനെ തുടർന്ന്, പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

അനുബന്ധമായി ചേർത്തിട്ടുള്ള എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള കരട് പദ്ധതി അംഗീകരിച്ച്, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരംതൊഴിൽ ലഭിക്കാത്ത 50-65 വയസ്സ് പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്ക് എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം, സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്, സർക്കാർ സബ്സിഡിയോട് കൂടി വായ്പ അനുവദിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള "നവജീവൻ" എന്ന സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകാമോ?

<u>അനുബന്ധം - 1</u>

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്ക് ജീവനോപാധി പ്രദാനം ചെയ്ത് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ, എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ആരംഭിക്കുന്ന തൊഴിൽ പുനരധിവാസ പദ്ധതി "നവജീവൻ" എന്ന പേരിലായിരിക്കും അറിയപ്പെടുക. 50 വയസ്സ് കഴിഞ്ഞിട്ടും, കാര്യമായ വരുമാന മാർഗ്ഗമൊന്നുമില്ലാതെ പരാശ്രയരായവർക്ക് സ്വന്തം കാലിൽ നിൽക്കാൻ ഒരു കൈത്താങ്ങ് നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം.

<u>1) ശീർഷകം - വ്യാപ്തി - ബാധകം.</u>

a. ഈ പദ്ധതി കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരം തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായിട്ടുള്ള സ്വയം തൊഴിൽ പുനർധിവാസ സഹായ പദ്ധതി "നവജീവൻ" എന്ന പേരിൽ അറിയപ്പെടും.

b. ഈ പദ്ധതി കേരള സംസ്ഥാനത്തിന് മൊത്തം ബാധകമായിരിക്കും.

c. സംസ്ഥാന സർക്കാർ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ ഈ പദ്ധതി നിലവിൽ വരുന്നതാണ്.

ഈ പദ്ധതിയ്ക്ക് രണ്ട് ഘടകങ്ങൾ ഉണ്ടായിരിക്കും.

I. സ്വയം തൊഴിൽ വായ്പ സഹായ പദ്ധതി.

II. മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഒരു ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ.

<u>I. സ്വയം തൊഴിൽ വായ്പ സഹായ പദ്ധതി.</u>

ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് സംസ്ഥാനത്തെ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ, സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ, KSFE, മറ്റു പൊതു മേഖല ധനകാര്യ സ്ഥാപനങ്ങൾ മുഖേന സ്വയം തൊഴിൽ വായ്പ ലഭ്യമാക്കുന്നതാണ്.

1) അർഹത:

a. ഈ പദ്ധതിയിൽ 'മുതിർന്ന പൗരന്മാർ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരം തൊഴിൽ ലഭിക്കാത്ത 50-65 വയസ്സ് പ്രായ പരിധിയിലുള്ളവരെയാണ്.

b. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിൽ ഉണ്ടായിരിക്കണം.

c. പ്രായപരിധി 50-നും 65-നും മദ്ധ്യേ ആയിരിക്കണം. (അപേക്ഷ സമർപ്പിക്കുന്ന വർഷത്തിലെ ജനുവരി ഒന്നാം തീയതി അടിസ്ഥാനമാക്കിയാണ് പ്രായപരിധി കണക്കാക്കുന്നത്).

d. അപേക്ഷകന്റെ വ്യക്തിഗത വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം).

e. എഴുതാനും വായിക്കുവാനും അറിഞ്ഞിരിക്കണം.

2) മാനദണ്ഡം

1. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ രജിസ്ട്രേഷൻ സീനിയോറിറ്റി, വായ്പക്ക് അപേക്ഷിക്കുന്നതിനു മാനദണ്ഡമായിരിക്കും.

2. കേന്ദ്ര/സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ സർവീസിൽ നിന്നും വിരമിച്ചവർക്ക് ഈ പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

3) മുൻഗണന

1. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലവിൽ യഥാസമയം പുതുക്കിക്കൊണ്ടിരിക്കുന്നവർക്ക് മുൻഗണന നൽകുന്നതാണ്. സർക്കാരിന്റെ സൗജന്യ പുതുക്കൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ ഉത്തരവ് തീയതിക്ക് ശേഷം രജിസ്ട്രേഷൻ സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നവരെ രണ്ടാമത് പരിഗണിച്ചാൽ മതിയാകും.

2. അനുവദിക്കുന്ന വായ്പയിൽ 25% സ്ത്രീകൾക്ക് ലഭ്യമാക്കേണ്ടതാണ്. 55 വയസ്സ് കഴിഞ്ഞിട്ടുള്ള വിധവകൾ, ഭിന്ന ശേഷിക്കാർ എന്നിവർ അപേക്ഷകരിൽ ഉണ്ടെങ്കിൽ അവരെ ആദ്യം പരിഗണിക്കേണ്ടതാണ്.

3. അനുവദിക്കുന്ന വായ്പയിൽ 25% ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിന് ലഭ്യമാക്കേണ്ടതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗമാണെന്ന്

തെളിയിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

4) വായ്പ/സബ്സിഡി:-

ഈ പദ്ധതിയിൻ കീഴിൽ ഓരോരുത്തരും സമർപ്പിക്കുന്ന പ്രൊജെക്ടുകൾക്ക 50,000/-രൂപ വരെ ബാങ്ക് വായ്പ്പാ അനുവദിക്കുന്നതാണ്. ബാങ്ക് വായ്പ്പയുടെ 25% (പരമാവധി ₹.12,500/-) രൂപ സർക്കാർ, എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം സബ്സിഡിയായി അനുവദിക്കും. സബ്സിഡി തുക ധനകാര്യ സ്ഥാപനത്തിൽ ആരംഭിച്ചിട്ടുള്ള സസ്പെൻസ് അക്കൗണ്ടിൽ ആദ്യമേ വരവ് വച്ച് 0% പലിശ നിരക്കിൽ സൂക്ഷിക്കുന്നതും. സബ്സിഡി ഒഴികെയുള്ള തുകക്ക് മാത്രം ബാങ്ക് ഗുണഭോക്താക്കളിൽ നിന്നും പലിശ ഈടാക്കുകയും ചെയ്യുന്നതാണ്. സംരംഭത്തിന്റെ പ്രവർത്തനം മൂന്ന് വർഷത്തിന് ശേഷവും തൃപ്തികരമായി തുടർന്ന് പോകുന്നെങ്കിൽ മാത്രം സബ്സിഡി തുക ലോൺ അക്കൗണ്ടിലേക്ക വരവ് വയ്ക്കുന്നതും എന്നാൽ തിരിച്ചടവിൽ വീഴ്ച വരുത്തുന്നവർ , മരണപ്പെടുന്നവർ എന്നിവരുടെ സബ്സിഡി തുക അവശേഷിക്കുന്ന വായ്പ്പാ തുകയിൽ ക്രമപ്പെടുത്തുന്നതാണ്.ക്രെഡിറ് ഗ്യാരന്റി സ്കീമിൽ ഉൾപ്പെടുത്തി വായ്പ്പ അനുവദിക്കുന്നതിനാൽ ജാമ്യം നൽകേണ്ടതില്ല . വായ്പ്പാ തിരിച്ചടവ് വായ്പ്പാ അനുവദിക്കുന്ന ധനകാര്യ സ്ഥാപനത്തിന്റെ നിബന്ധനകൾക്ക വിധേയം ആയിരിക്കും .മുതിർന്ന പൗരന്മാർക്ക് വായ്പയിന്മേൽ ലഭിക്കുന്ന പലിശ ഇളവും ബാധകമായിരിക്കും..

5) പദ്ധതി ചെലവ്

ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ പദ്ധതിക്കായി നീക്കിവയ്ക്കുന്ന തുകയുടെ 10% തുകയിൽ നിന്ന് ഗുണഭോക്താക്കൾക്കും/വകുപ്പിലെ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം, പദ്ധതിയുടെ പ്രചരണം, പദ്ധതിയുടെ മോണിറ്ററിംഗ്, പ്രിന്റിംഗ്, സ്റ്റേഷനറി, അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ചെലവ്, ജില്ലാതല കമ്മിറ്റി കൂടുമ്പോഴുള്ള ചെലവ് എന്നിവയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

6) അപേക്ഷിക്കേണ്ട വിധം

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് അപേക്ഷ ഫാറം സൗജന്യമായി ലഭിക്കുന്നതാണ്. കൂടാതെ വകുപ്പിന്റെ വെബ് സൈറ്റിൽ നിന്ന് ഫോറം ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതുമാണ്.

പദ്ധതി പ്രകാരം ആരംഭിക്കാവുന്ന സംരംഭങ്ങൾ.

1. കാറ്ററിംഗ്
2. പലചരക്ക് കട
3. ടെക്സ്റ്റൈൽസ് & റെഡിമെയ്ഡ് ഷോപ്പ്
4. കട നിർമ്മാണം
5. സ്പെയർ പാർട്സ് ഷോപ്പ് (ഓട്ടോമൊബൈൽസ്)
6. മെഴുകുതിരി നിർമ്മാണം
7. സോപ്പ് നിർമ്മാണം

8. DTP/Photostat

9. തയ്യൽ കട

10. ഇന്റർനെറ്റ് കഫേ

ഇത് പൂർണ്ണമായ പട്ടികയല്ല. ഇവ കൂടാതെ ചെറുകിട വ്യവസായങ്ങൾ, ജോബ് വർക്സ്, പലതരം സേവനങ്ങൾ, ചെറുകിട ബിസിനെസ്സുകൾ, കൃഷി, ഇലക്ട്രോണിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം /റിപ്പയർ തുടങ്ങിയവയും പ്രാദേശികമായി വിജയസാധ്യതയുള്ള സംരംഭങ്ങളും സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടില്ലാത്ത എല്ലാത്തരം സംരംഭങ്ങളും ഈ പദ്ധതി പ്രകാരം ആരംഭിക്കാവുന്നതാണ്.

7) ഓരോ യൂണിറ്റിന്റെയും ഘടന

വ്യക്തിഗത സംരംഭങ്ങൾക്കാണ് പദ്ധതി പ്രാധാന്യം നൽകുന്നത്. എന്നാൽ ഒന്നിലധികം അപേക്ഷകർ ചേർന്ന് സംയുക്ത സംരംഭവും ആരംഭിക്കാവുന്നതാണ്. ഓരോ വ്യക്തിക്കും പരമാവധി വായ്പയും സബ്സിഡിയും മുകളിൽ ഖണ്ഡിക (4)-ൽ പ്രസ്താവിച്ച വ്യവസ്ഥകൾക്ക് വിധേയമായി അർഹതയുണ്ടായിരിക്കുന്നതാണ്.

8) സഹായം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ

സ്വയംതൊഴിൽ വായ്പയ്ക്കുള്ള അപേക്ഷ വില്ലേജ് ഓഫീസറിൽ താഴെയല്ലാത്ത ഒരു റവന്യൂ അധികാരിയുടെ വരുമാന സർട്ടിഫിക്കറ്റിനോടൊപ്പം ലഭിച്ചു കഴിഞ്ഞാൽ അവ രജിസ്ട്രേഷൻ റിക്കോർഡുകളുടെ അടിസ്ഥാനത്തിലുള്ള പ്രാഥമിക പരിശോധനയ്ക്ക് ശേഷം അർഹതയുള്ളവ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്. അപേക്ഷ തയ്യാറാക്കുന്നതിനും, പ്രോജക്ട് തയ്യാറാക്കുന്നതിനും വകുപ്പുതല ഉദ്യോഗസ്ഥർ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. ഏറ്റവും കുറഞ്ഞത് 5 അപേക്ഷകൾ ലഭിച്ചു കഴിഞ്ഞാൽ ഇതിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല സമിതി കൂടി അഭിമുഖം നടത്തി അപേക്ഷകളിൽ തീർപ്പു കല്പിക്കുന്നതാണ്. അപേക്ഷകർ സമർപ്പിച്ചിട്ടുള്ള പ്രോജക്ട് നടപ്പിലാക്കാൻ, അവർ അനുയോജ്യരാണോ എന്നും, അംഗങ്ങളുടെ സംരംഭകത്വ ശേഷി, പ്രോജക്ടിന്റെ വിജയ സാധ്യത, അംഗങ്ങളുടെ വായ്പാ തിരിച്ചടക്കാനുള്ള കഴിവ്, സഹായം ആവശ്യമുണ്ടോ എന്നീ കാര്യങ്ങൾ ജില്ലാതല കമ്മറ്റി പരിശോധിക്കുന്നതും ആവശ്യമെങ്കിൽ പ്രോജെക്ടിൽ മാറ്റം വരുത്തുന്നതുമാണ്. ജില്ലാതല കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്ന അപേക്ഷകൾ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിലേക്ക് അയച്ചു കൊടുക്കുകയും ധനകാര്യ സ്ഥാപനങ്ങൾ ഓരോ അപേക്ഷകളിന്മേലും അനുവദിച്ചുകൊണ്ടോ നിരസിച്ചുകൊണ്ടോ തീർപ്പു കൽപ്പിക്കുന്നതും ആയതിന്റെ പകർപ്പ് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് നൽകുന്നതുമാണ്. നിരസിച്ച അപേക്ഷകൾ കാരണം രേഖപ്പെടുത്തി ധനകാര്യ സ്ഥാപനങ്ങൾ തിരികെ നല്കുന്നതാണ്. അപേക്ഷകൾ അനുവദിക്കുകയാണെങ്കിൽ ആ വിവരം റേഷൻ കാർഡിന്റെ

അവസാനത്തെ പേജിൽ രേഖപ്പെടുത്തുന്നതാണ്. മുകളിൽ പരാമർശിച്ച വ്യവസ്ഥകൾക്ക് അനുസൃതമായി ധനകാര്യ സ്ഥാപനങ്ങൾ വായ്പ്പാ വിതരണം ചെയ്യുന്നതാണ്. അനുവദിക്കുന്ന വായ്പ്പ തുകയും അതിന്റെ പലിശ നിരക്കും സംബന്ധിച്ച വിശദവിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുന്നതാണ്.

ഈ പദ്ധതി സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും സംസ്ഥാന സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സംസ്ഥാന കമ്മറ്റി താഴെ പറയുന്നവർ അംഗങ്ങളായി ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിക്കുന്നതാണ്.

9) <u>സംസ്ഥാനതല കമ്മിറ്റി</u>

1. പ്ലാനിംഗ് ബോർഡ് മെമ്പർ - ചെയർമാൻ
2. തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി - വൈസ് ചെയർമാൻ
3. ധനകാര്യ വകുപ്പ് സെക്രട്ടറി - മെമ്പർ
4. സംസ്ഥാന ലീഡ് ബാങ്ക് ജനറൽ മാനേജർ - മെമ്പർ
5. സാമൂഹ്യ ക്ഷേമ വകുപ്പ് ഡയറക്ടർ - മെമ്പർ
6. വ്യവസായ പരിശീലന വകുപ്പ് ഡയറക്ടർ - മെമ്പർ
7. എംപ്ലോയ്മെന്റ് ഡയറക്ടർ - കൺവീനർ

കൂടാതെ താഴെ പറയുന്നവരെ അംഗങ്ങളായി ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ തലത്തിൽ പദ്ധതിയുടെ നടത്തിപ്പിനായി മറ്റൊരു കമ്മറ്റിയും രൂപീകരിക്കുന്നതാണ്.

<u>10) ജില്ലാതല കമ്മിറ്റി</u>

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - ചെയർമാൻ
2. ജില്ലാ ലീഡ് ബാങ്ക് മാനേജർ - മെമ്പർ
3. ജില്ലാ സാമൂഹിക ക്ഷേമ ഓഫീസർ - മെമ്പർ
4. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം - മെമ്പർ
5. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ - കൺവീനർ

നവജീവൻ പദ്ധതി സംബന്ധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ജില്ലാ തല കമ്മറ്റിക്ക് പദ്ധതിയുടെ സംസ്ഥാന തല കൺവീനർ മുഖാന്തിരം സർക്കാരിലേക്ക് ശിപാർശ ചെയ്യാവുന്നതാണ്

<u>11) പരിശീലനം</u>

സംരംഭകർക്കും, പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്ന വകുപ്പിലെ ഉദ്യോഗസ്ഥർക്കും അനുയോജ്യമായ പരിശീലന പരിപാടി എംപ്ലോയ്മെന്റ് ഡയറക്ടർ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. ഓരോ വർഷവും പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 10% തുകയിൽ നിന്നും ഈ ആവശ്യത്തിനായി തുക കണ്ടെത്താവുന്നതാണ്.

<u>12) മോണിറ്ററിംഗ്</u>

വായ്പ്പാ തുക തിരിച്ചടക്കുന്നതിൽ ഗുണഭോക്താക്കൾ വീഴ്ച്ച വരുത്തുകയാണെങ്കിൽ

ധനകാര്യ സ്ഥാപനങ്ങൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ വിവരം അറിയിക്കേണ്ടതാണ്. ഗുണഭോക്താവ് തുടങ്ങിയ സംരംഭത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് വിലയിരുത്തുന്നതിനും റിക്കവറി നടത്തേണ്ടി വരുന്നെങ്കിൽ ആ കാര്യത്തിലും എംപ്ലോയ്മെന്റ് ഓഫീസർ ധനകാര്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുന്നതാണ്.

13) പൊതു നിർദ്ദേശങ്ങൾ

1. പദ്ധതി സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്.
2. പദ്ധതി പ്രായോഗികമാക്കുമ്പോൾ ഉണ്ടാകുന്നതും എന്നാൽ പദ്ധതിയിൽ പ്രത്യേകം പരാമർശിച്ചിട്ടില്ലാത്തതുമായ പ്രശ്നങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എംപ്ലോയ്മെന്റ് ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും, എംപ്ലോയ്മെന്റ് ഡയറക്ടർ അവ സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാനത്തിനും നിർദ്ദേശത്തിനും സമർപ്പിക്കേണ്ടതുമാണ്.
3. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പദ്ധതി വ്യവസ്ഥകളിലോ അവയുടെ വ്യാഖ്യാനം സംബന്ധിച്ചോ ആവശ്യമായ ഭേദഗതികളോ നിർദ്ദേശങ്ങളോ വിശദീകരണങ്ങളോ പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരമുണ്ടായിരിക്കും. ഇത് ചോദ്യം ചെയ്യാൻ ഗുണഭോക്താവിന് അധികാരമുണ്ടായിരിക്കില്ല. ധനകാര്യ സ്ഥാപനങ്ങൾക്ക് സർക്കാരുമായി ആലോചിച്ച് ഉചിതമായ തീരുമാനങ്ങൾ എടുക്കാവുന്നതാണ് .

II. മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഒരു ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ.

ഈ പദ്ധതിയുടെ രണ്ടാം ഘടകമായ മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തി പരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ എന്നതുമായി ബന്ധപ്പെട്ട് 17.12.2018 തീയതിയിലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) 73/2018/തൊഴിൽ പ്രകാരം പ്രത്യേകം നടപടി സ്വീകരിക്കുന്നതാണ്.

ജോർജ് ഫ്രാൻസിസ് എം.എ.
JOINT DIRECTOR
എംപ്ലോയ്മെന്റ് ഡയറക്ടർക്കുവേണ്ടി.

**GOVERNMENT OF KERALA**
**(Sri. Pinarayi Vijayan Ministry)**
**Note for the Council of Ministers**

| | | | |
|---|---|---|---|
| 1. | File No. | : | LBRD-H1/27/2016-LBRD |
| 2. | Department | : | Labour & Skills (H) Department |
| 3. | Subject | : | Approving the draft Scheme and according sanction for the implementation of self-employment scheme named 'Navajeevan' for senior citizens between the age group of 50-65 years, who have registered in the Employment Exchanges, but have not secured permanent employment - reg. |
| 4. | Date of Chief Minister's order for placing before the Council | : | 19.10.2020 |
| 5. | Does the case involve financial commitments / implications;<br>If yes, whether Finance Department has been consulted and their remarks incorporated in the Council Note? | :<br>: | Yes<br>Yes |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Sri. D. Lal |
| 8. | Name of Additional Chief Secretary who approved the Draft Note | : | Sri. Satyajeet Rajan |
| 9. | Date of approval of the Draft Note for the Council by the Additional Chief Secretary | : | 03.11.2020 |
| 10. | Name of Chief Secretary who approved the Draft Note | : | Dr. Vishwas Mehta |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 03.11.2020 |
| 12. | Name of Minister who approved the Draft Note | : | Sri. T. P. Ramakrishnan |
| 13. | Date of approval of the Draft Note for the Council by the Minister | : | 05.11.2020 |
| 14. | Date of submission of fair copies | : | 22.12.2020 |
| 15. | Date of decision by the Council of Ministers | : | 24.12.2020 |
| 16. | Number and date of the G.O./letter communicating the decision | : | GO (Ms) No. 59/2020/LBR<br>Dated: 28.12.2020 |

## Note for the Council of Ministers

This note is related to the implementation of a new self-employment scheme called "Navajeevan" in collaboration with various financial institutions in the State through the Department of Employment, for senior citizens belonging to the age group of 50-65 years who have registered with the Employment Exchanges in Kerala but have not secured permanent employment.

2) In the Hon'ble Governor's Address, 2017, it was announced that "Navajeevan" scheme, aimed at ensuring support for senior citizens will be implemented as a part of the State policy for the old age persons-2013. Based on that, with the concurrence of the Finance Department, in principle sanction was accorded as per G.O. (Ms.) No.16/2017/LBR dated 20/03/2017, to implement a self-employment scheme called "Navajeevan" for the senior citizens (in the age group of 50-65 years) registered with the Employment Exchanges in Kerala. A sum of ₹ 20 lakh has been earmarked for this project in the budget for the financial year 2020-21 under the Head of Acount ' 2230-02-101-87-Plan'.

3) The draft Scheme of 'Navajeevan' submitted by the Director of Employment on the basis of the study report submitted by the Kerala Institute of Labour and Employment (KILE) was approved by the Hon'ble Minister (Labour & Excise) with certain modifications. Accordingly, the following two components were envisaged under the project :

i. Interest free self -employment loan scheme for senior citizen.
ii. Creation of a data bank to utilize the knowledge and work experience of senior citizens for the welfare of the society.

4) As per G.O. (Ms.) No. 73/2018/LBR dated 17.12.2018, sanction was accorded for the second component of the 'Navajeevan' scheme i.e., creation of

a data bank to utilize the knowledge and work experience of senior citizens for the benefit of the society.

5) When the file containing the draft scheme for the first component under 'Navajeevan' scheme, viz. providing interest free loan along with Government subsidy, for starting self-employment ventures requiring small investments, to the senior citizens within the age group of 50-65 years who have registered with the Employment Exchanges but have not secured permanent employment, through the Department of Employment, was forwarded to the Finance Department for approval, that department offered the following remarks:-

*"Any employment generation scheme should adhere to basic concepts of such scheme that there should be bank linkage and subsidy should follow the same pattern as is done in the schemes of Industries Department in terms of percentage and upper ceiling. Without bank credit linkage providing self employment subsidy is likely to be misused. Therefore, the project should be recast on the same lines as those in Industries Department or Prime Minister Employment Generation Programme."*

6) Since the remarks of the Finance Department to implement the self employment loan scheme through bank linkage was different from what was originally envisaged by Labour and Skills Department, the matter of implementing the Scheme overruling the opinion of Finance Department was placed before the Council of Ministers. Consequent to the decision of the Council of Ministers under item no. 2425 dated: 14.08.2018, to examine the matter in detail and to submit revised proposal before the Cabinet, further detailed examination of the matter was done with the Employment Director and the proposal for implementing the Navajeevan Self-Employment Loan Scheme without bank linkage as envisaged by the Department of Employment was

forwarded again to the Finance Department for consideration. The remarks given by that Department is given below :-

*"Finance agrees to the scheme provided subsidy is limited to 25% of the total investment and rest 75% is loan taken from a bank. Bank linkage shall be mandatory. Subsidy shall be paid in the beginning to the bank and shall be kept in an account in the name of the borrower and adjusted to his loan after three years if the loan is still standard and the asset/business is still operating."*

7) Since the Hon'ble Chief Minister has odered to place the matter of implementing the Navajeevan scheme with the modifications proposed by the Finance Department before the Cabinet for consideration, the Employment Director was instructed to furnish revised draft scheme. The Employment Director informed that, before implementing the scheme through bank linkage, as suggested by the Finance Department with 75% bank loan and subsidy limited to 25%, and on the condition that subsidy will be adjusted to the loan of the beneficiary after 3 years if the project is still operational, various issues related to the implementation of the scheme has to be discussed with representatives of the State Level Bankers Committee (SLBC) at the Government level and that the draft scheme shall be finalised on the basis of the decision that will emerge in the discussion.

8) Based on this, a discussion was held by the Additional Chief Secretary, Labour and Skills Department with the SLBC representatives and the Employment Director on 03.07.2020 and in accordance with the decision of the meeting, the Employment Director has submitted revised draft of the Navajeevan Scheme and on which the Finance Department offered the following remarks.

*"നവജീവൻ പദ്ധതിയുടെ കരട് ധന വകുപ്പ് അംഗീകരിക്കുന്നു. ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

9) As the draft Navajeevan Scheme has been approved by the Finance Department, the Hon'ble Chief Minister has ordered to submit the matter of granting permission to implement the Scheme before the Council of Ministers for consideration.

## POINT FOR DECISION

Whether the draft Scheme submitted by the Employment Director as appended as Annexure may be approved and Administrative sanction issued for implementing the "Navajeevan" self - employment scheme, intended for providing loan along with Government subsidy, for starting self-employment ventures to the Senior Citizens belonging to the age group of 50-65 years who have registered with the Employment Exchanges but have not secured permanent employment, through the Department of Employment in collaboration with various financial institutions of the state ?